മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

ISO 9001:2015 CERTIFIED INSTITUTION

അന്തിമ പദ്ധതി രേഖ

14–ാം പഞ്ചവത്സര പദ്ധതി 2022–27

വാർഷീക പദ്ധതി 2026–27

ജയ രാധാകൃഷ്ണൻ
പ്രസിഡന്റ്
Mobile : 9747231668, 9496045720 (Offi.)

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്
മൂക്കന്നൂർ പി. ഒ., പിൻ. 683 577
എറണാകുളം ജില്ല
ഫോൺ : Offi. 0484-2615698

സമർപ്പണം



പ്രിയമുള്ളവരെ,

ഉല്പ്പാദന-സേവന മേഖലകൾക്കും ശുചിത്വ മാലിന്യ സംസ്കരണത്തിനും പ്രഥമ പരിഗണന നൽകികൊും പശ്ചാത്തല മേഖലയിൽ ഏക വർഷം കൊ് തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആണ് 2025-26 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്.

ലഭ്യമായ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ പിന്നാക്കവിഭാഗക്കാർ, ഭിന്നശേഷിയുളളവർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ,അതിദരിദ്രർ,വൃദ്ധർ,നിരാലംബർ, രോഗികൾ, സ്ത്രീകൾ, കുട്ടികൾ, തുടങ്ങിയ സമൂഹത്തിലെ വിവിധ വിഭാഗത്തിൾ ഉൾപ്പെട്ട എല്ലാവരുടേയും ക്ഷേമം എന്ന ലക്ഷ്യത്തോടെയും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും വിഭാഗങ്ങൾക്കും ഉചിതമായ രീതിയിലുള്ള ആനുകൂല്യം നൽകുന്നതിന് പരമാവധി തുക വകയിരുത്തുവാൻ പരിശ്രമിച്ചിട്ടു.

ഭരണ സമിതിയുടെ അവസാന വർഷമായ ഈ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേകിച്ച് മാലിന്യ സംസ്കരണ രംഗത്ത് കൃത്യമായ ആസൂത്രണം നടത്തി പദ്ധതികൾ തയ്യാറാക്കിയിട്ടു് എന്നത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് മികച്ച നേട്ടമാണ്.

ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് ശ്രമിച്ച ഭരണസമിതി, ആസൂത്രണ സമിതി, വർക്കിംഗ്ഗ്രൂപ്പ്, ഗ്രാമസഭ എന്നിവയിലെ പങ്കാളിത്തവും നിർദ്ദേശങ്ങളും ഈ അവസരത്തിൽ സ്മരിക്കുന്നു. മികച്ച പദ്ധതി തയ്യാറാക്കുന്നതിന് എല്ലാ സഹകരണവും നൽകിയ ജനപ്രതിനിധികൾ, ആസൂത്രണ സമിതി- വർക്കിംഗ് ഗ്രൂപ്പ്- ഗ്രാമസഭ അംഗങ്ങൾ, സ്റ്റേക്ക് ഹോൾഡേഴ്സ്, നിർവ്വഹണോദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ സഹായ സഹകരണങ്ങൾ മൂലം തയ്യാറാക്കിയ 2026-27 വാർഷിക പദ്ധതി അന്തിമ പദ്ധതി രേഖ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

(ഒപ്പ്)

ജയ രാധാകൃഷ്ണൻ

16-02-2026
മൂക്കന്നൂർ

പൊതുസ്ഥിതി

പൊതുവിവരങ്ങൾ

പഞ്ചായത്ത് നിലവിൽ വന്ന വർഷം	-	1969
ഭൂവിസ്തൃതി	-	22.5 ച.കി.മീ.
വില്ലേജുകൾ	-	മൂക്കന്നൂർ,തുറവൂർ,അയ്യമ്പുഴ
താലൂക്ക്	-	ആലുവ
ജില്ല	-	എറണാകുളം
ബ്ലോക്ക് പഞ്ചായത്ത്	-	അങ്കമാലി
ജില്ലാ പഞ്ചായത്ത്	-	എറണാകുളം
നിയമസഭാ നിയോജകമണ്ഡലം	-	അങ്കമാലി
ലോകസഭാ നിയോജകമണ്ഡലം	-	ചാലക്കുടി
ഗ്രാമപഞ്ചായത്ത് വാർഡുകളുടെ എണ്ണം	-	14

അതിരുകൾ

കിഴക്ക്	-	തുറവൂർ അയ്യമ്പുഴ ഗ്രാമപഞ്ചായത്തുകൾ
തെക്ക്	-	തുറവൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	-	കറുകുറ്റി ഗ്രാമപഞ്ചായത്ത്
വടക്ക്	-	കറുകുറ്റി അയ്യമ്പുഴ ഗ്രാമപഞ്ചായത്തുകൾ

ജനസംഖ്യ

വീടുകളുടെ എണ്ണം	-	4801
ജനസംഖ്യ	-	19080
പുരുഷന്മാർ	-	9446
സ്ത്രീകൾ	-	9634

പട്ടികജാതി ജനസംഖ്യ

പട്ടികജാതി വീടുകളുടെ എണ്ണം	-	289
പട്ടികജാതി ജനസംഖ്യ	-	1132
പുരുഷന്മാർ	-	551
സ്ത്രീകൾ	-	581

പട്ടികവർഗ്ഗ ജനസംഖ്യ

പട്ടികവർഗ്ഗ വീടുകളുടെ എണ്ണം	-	29
പട്ടികവർഗ്ഗ ജനസംഖ്യ	-	113
പുരുഷന്മാർ	-	34
സ്ത്രീകൾ	-	41
കുട്ടികൾ	-	38

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ്	**ജയ രാധാകൃഷ്ണൻ**	9747231668,9496045720
വൈസ് പ്രസിഡന്റ്	**ശ്രീ. ബിജു പാലാട്ടി**	9446608091, 8281041109
സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാർ	**ശ്രീ. മിൽസ ജിജോ**	8547316964
	ശ്രീ. ടി. വി സുബ്രൻ	9846384194
	ശ്രീമതി വിൻസി തോമസ്	9072656034
മെമ്പർമാർ	**ശ്രീമതി മിനി വർഗ്ഗീസ്**	9745451545
	ശ്രീമതി ലിജി പാപ്പച്ചൻ	9947969864
	ശ്രീമതി സിനി ഡേവീസ്	9846550964
	ശ്രീ റോയ്സൺ വർഗ്ഗീസ്	9745813373
	ശ്രീ ബിജു മാടശ്ശേരി	9846015265
	ശ്രീ മത്തായി തളിയൻ	9846945604
	ശ്രീമതി ലൈജോ ആന്റു	7591969363
	ശ്രീ. ഏല്യാസ് കെ തരിയൻ	9446128798
	ശ്രീമതി ബിന്ദു കുമാരൻ	9567338155
	ശ്രീമതി ഡാലി ജോയി	9562957380

ലോകസഭാംഗം	- ശ്രീ. ബെന്നി ബെഹനാൻ	9846184400
നിയമ സഭാംഗം	- ശ്രീ. റോജി എം. ജോൺ	9971392134
ജില്ലാ പഞ്ചായത്ത് അംഗങ്ങൾ	- ശ്രീ. ഷൈജോ പറമ്പി	9846006764
	- ഡോ.ജിന്റോ ജോൺ	9895445734
ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ	- ശ്രീ. ടി.എം.വർഗ്ഗീസ്	9447037210
	- ശ്രീമതി ഗ്രേസി റാഫേൽ	9497346275
	- ശ്രീമതി ലൗലി ബേബി സെബാസ്റ്റ്യൻ	9404797131

ആസൂത്രണ സമിതി അംഗങ്ങൾ

ശ്രീമതി. ജയ രാധാകൃഷ്ണൻ (പ്രസിഡന്റ്)	- അദ്ധ്യക്ഷൻ
ശ്രീ. പി. എൽ. ഡേവിസ് പുതുശ്ശേരി	- ഉപാദ്ധ്യക്ഷൻ
ശ്രീ. ബിജുപാലാട്ടി , വൈസ് പ്രസിഡന്റ്	- അംഗം
ശ്രീമതി. മിൽസ ജിജോ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)	- അംഗം
ശ്രീ.ടി.വി.സുബ്രൻ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)	- അംഗം
ശ്രീമതി വിൻസി തോമസ് (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)	- അംഗം
ശ്രീ. ബിബീഷ് കെ.വി.	- അംഗം
ശ്രീ. ടി. പി. വേലായുധൻ മാസ്റ്റർ	- അംഗം
ശ്രീ. സി.എം ജോൺസൺ	- അംഗം
ശ്രീമതി ഓമന വേലായുധൻ	- അംഗം
ശ്രീ സുനിൽകുമാർ കെ.യു.	- കൺവീനർ

ഗ്രാമപഞ്ചായത്തിന്റെ ഫോൺ നമ്പർ : 0484 – 2615698

ഇ-മെയിൽ വിലാസം

ഗ്രാമപഞ്ചായത്തിന്റെ ഇ-മെയിൽ വിലാസം - **gpmookkannoor@gmail.com, gpamly.mknr@kerala.gov.in**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് വിലാസം - **www.lsg.kerala.gov.in**

ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിലാസം - **www.lsgkerala.in/mookkannurpanchayat**

സെക്രട്ടറി	: ശ്രീ. സുനിൽകുമാർ കെ. യു.
അസിസ്റ്റന്റ് സെക്രട്ടറി	:
ഹെഡ്ക്ലർക്ക്	: ശ്രീ. നൈജോമോൻ ആന്റണി
അക്കൗണ്ടന്റ്	: ശ്രീമതി ആമീന എസ്.
സീനിയർ ക്ലർക്കുമാർ	: ശ്രീ. റെജി എ.കെ.
	: ശ്രീ. സാബു കെ.ആർ.
	: ശ്രീമതി സ്മിത കെ.എസ്
ക്ലർക്കുമാർ	: ശ്രീ. ബാബു കെ.ബി
	: ശ്രീമതി സനിത കെ.ഡി
	: ശ്രീ ആന്റോ വിൽസൺ
ഓഫീസ് അറ്റന്റന്റ്	: ശ്രീ.പ്രവീൺലാൽ കെ.പി.
ടെക്നിക്കൽ അസിസ്റ്റന്റ്	: ശ്രീ. സുബീഷ് ടി.എസ്.
പ്രോജക്റ്റ് അസിസ്റ്റന്റ്	: ശ്രീമതി ഐശ്വര്യ ബാബു
ലൈബ്രേറിയൻ	: ശ്രീ. ഷൈജു കെ. പി.
പാർട്ട് ടൈം സ്വീപ്പർ	: ശ്രീമതി രാജേശ്വരി എം. എ.
ഓഫീസ് അറ്റന്റ് കം ഡ്രൈവർ	: ശ്രീ. ആൻസൺ തോമസ്
എം.ജി.എൻ.ആർ. ഇ.ജി.എസ്.	
അക്രഡിറ്റഡ് എഞ്ചിനീയർ	: ശ്രീമതി ബിൻസി പോൾ
അക്രഡിറ്റഡ് ഓവർസീർ	: ശ്രീമതി സജിത ഷാജി
ഡാറ്റാ എൻട്രി ഓപ്പറേറ്റർ	: ശ്രീമതി ബിമി ടോമി

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

കൃഷി ഓഫീസർ	: ശ്രീമതി നീതു എൻ.എസ്.
അസിസ്റ്റന്റ് എഞ്ചിനീയർ	: ശ്രീമതി മീരമോൾ ടി.എസ്.
വെറ്ററിനറി സർജൻ	: ഡോ. രജിത പി.
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.	: ഡോ. രഞ്ജിനി രാജേന്ദ്രൻ
മെഡിക്കൽ ഓഫീസർ - ആയുർവേദം	: ഡോ. ജോസ്ലിൻ ജാസ്മിൻ ജോസ്
മെഡിക്കൽ ഓഫീസർ - ഹോമിയോ	: ഡോ. സിമി അഹമ്മു
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	: ശ്രീമതി അനിത എം.ആർ
വില്ലേജ് എക്സറ്റെൻഷൻ ഓഫീസർമാർ	: ശ്രീമതി ജാസ്മി പോൾ
	: ശ്രീ. പ്രശാന്ത് പി.ജെ.
ഹെഡ്മിസ്ട്രസ് ആഴകം ജി.യു.പി.എസ്.	: ശ്രീമതി റീനാമോൾ എം. കെ.
ഡയറി ഫാം ഇൻസ്പെക്ടർ	: ശ്രീ.അജിത്ത് കെ.സി

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

ശ്രീ. സിറിയക് പുതുമന
ശ്രീ. എം. വി. വർക്കി മംഗലി
ശ്രീ. കെ. ഒ. തോമസ്. കൈപ്രമ്പാട്ട്
ശ്രീ. പി. ജെ. ജോയ് പുതുശ്ശേരി
ശ്രീ. കെ. പി. സണ്ണി, കൂരൻ
ശ്രീ. എം. പി. ഗീവർഗ്ഗീസ് മാസ്റ്റർ, മാളിയേക്കൽ
ശ്രീ. എം. പി. പൗലോസ്, മാടശ്ശേരി
ശ്രീ. ജോസഫ് അട്ടാറ, കൈപ്രമ്പാട്ട്
ശ്രീമതി ഉഷ ആന്റണി, പാലാട്ടി
ശ്രീ. പി. എൽ. പോളച്ചൻ, പാലാട്ടി
ശ്രീ. ടി. എം. വർഗ്ഗീസ്, തേലപ്പിള്ളി
കുമാരി ഏല്യാകുട്ടി ആന്റണി, പുതുവ
ശ്രീ. പോൾ പി. ജോസഫ്, പുതുശ്ശേരി
ശ്രീ. ബിജു പാലാട്ടി
ശ്രീ. പി. വി. മോഹനൻ, പാറയിൽ
ശ്രീമതി മോളി വിൻസന്റ്, കുന്നത്ത്
ശ്രീമതി ജയ രാധാകൃഷ്ണൻ, കല്ലാട്ട്
ശ്രീ. പോൾ പി. ജോസഫ് പുതുശ്ശേരി
ശ്രീ. ബിജു പാലാട്ടി
ശ്രീ. കെ.വി ബിബീഷ്

മൂക്കന്നൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകൾ – കാല ക്രമമനുസരിച്ച്

കൂട്ടാല ക്ഷേത്രം	-	**നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്**
മൂക്കന്നൂർ സെന്റ് മേരീസ് ഫൊറോന ദേവാലയം	-	**1884**
ആഴകം സെന്റ് മേരീസ് ഹെർമോൻ ദേവാലയം	-	**1904**
വാർത്താ പത്രം - നസ്രാണി ദീപിക	-	**1910**
മൂക്കന്നൂർ സർക്കാർ എൽ. പി. സ്കൂൾ	-	**1913**
തിരുഹൃദയ അനാഥശാല	-	**1915**
ഡോ. ഉമ്മന്റെ ആശുപത്രി (നിലവിലില്ല)	-	**1931**
ബി. വി. എം. നടന കലാസമിതി (നിലവിലില്ല)	-	**1931**
റൂറൽ സെൻട്രൽ ലൈബ്രറി	-	**1947**
തിരുഹൃദയ അനാഥശാല യു. പി. സ്കൂൾ	-	**1948**
ആഴകം സർക്കാർ എൽ. പി. സ്കൂൾ	-	**1930**
പോസ്റ്റ് ഓഫീസ് മൂക്കന്നൂർ	-	**1951**
താബോർ ഹോളി ഫാമിലി എൽ. പി. സ്കൂൾ	-	**1951**
മാർ അഗസ്റ്റിൻ ജൂബിലി സ്മാരക ആശുപത്രി MAGJ	-	**1951**
മൂക്കന്നൂർ - തുറവൂർ പഞ്ചായത്ത് - ആസ്ഥാനം - തുറവൂർ	-	**1953**
ബസ് സർവ്വീസ് ആരംഭിച്ചത്	-	**1953**
ചാലക്കുടി ഇടതുകരകനാൽ	-	**1956**
വൈദ്യുതി	-	**1957**
മൂക്കന്നൂർ സർവ്വീസ് സഹകരണ ബാങ്ക്	-	**1960**
തിരുഹൃദയ അനാഥശാല ഹൈസ്കൂൾ	-	**1966**
ടെലിഫോൺ	-	**1968**
മൂക്കന്നൂർ പഞ്ചായത്ത് നിലവിൽ വന്നത്	-	**1969**
ഫെഡറൽ ബാങ്ക് മൂക്കന്നൂർ ശാഖ	-	**1969**

കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്, കൃഷി ഭവൻ, വില്ലേജ് ഓഫീസ്, ആഴകം, താബോർ പോസ്റ്റ് ഓഫീസുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, മൃഗാശുപത്രി, ബാലനഗർ ഐ.ടി.സി., ആഴകം ഗവ. യു. പി. സ്കൂൾ, മൂക്കന്നൂർ ഗവ. ഹൈസ്കൂൾ, മൂക്കന്നൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, താബോർ ഹോളി ഫാമിലി യു. പി. സ്കൂൾ, വട്ടേക്കാട് നെഹ്റു മെമ്മോറിയൽ എൽ. പി. സ്കൂൾ, താബോർ ഹോളി ഫാമിലി ഹൈസ്കൂൾ, ഫിസാറ്റ് എൻഞ്ചിനീയറിംഗ് കോളേജ്, സേക്രട്ട് ഹാർട്ട് ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ, സാന്തോം ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇമ്മാനുവേൽ ഓർഫനേജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ലിസ്യൂ നഴ്സിംഗ് സ്കൂൾ, സൗത്ത് ഇന്ത്യൻ ബാങ്ക് മൂക്കന്നൂർ ശാഖ, കെ. എസ്. എഫ്. ഇ. മൂക്കന്നൂർ ശാഖ, മൂക്കന്നൂർ സർവ്വീസ് സഹകരണ ബാങ്ക് പൂതംകുറ്റി ശാഖ, കോക്കുന്ന് സഹകരണ ഗ്രാമം, ഫെഡറൽ ബാങ്ക് ഫിസാറ്റ് ശാഖ, കേരള ഗ്രാമീൺ ബാങ്ക് മൂന്നൂർ ശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മൂക്കന്നൂർ ശാഖ, കോക്കുന്ന് സെന്റ് ജോസഫ് ദേവാലയം, താബോർ തിരുകുടുംബ ദേവാലയം, കോക്കുന്ന് സെഹിയോൻ ദേവാലയം, പൂതംകുറ്റി സെന്റ് മേരീസ് ദേവാലയം, പറമ്പയം വിജോപുരം ദേവാലയം, അട്ടാറ ജോസ്ഗിരി ആശ്രമം, ആഴകം മങ്കലപുരം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പൂതംകുറ്റി ശ്രീ ഭൂതഭുവനേശ്വരി ക്ഷേത്രം, വട്ടേക്കാട് ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം, ബേസിൽ ഭവൻ ആശ്രമം, വിൻസെൻഷ്യൽ ആശ്രമം, പാഷൻ ഓഫ് ദി ക്രൈസ്റ്റ് ആശ്രമം, അട്ടാറ അൽഫോൻസാമ്മ ദേവാലയം, താബോർ കരുണയുടെ ദേവാലയം എന്നിവയും മൂക്കന്നൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

അദ്ധ്യായം - 1
തദ്ദേശസ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ഊർ എന്ന് തമിഴ് പദത്തിൽ അവസാനിക്കുന്ന സ്ഥലനാമങ്ങൾ കേരളത്തിൽ ധാരാളമാണ്. തമിഴ് സംസ്കാരവുമായി അടുപ്പമുണ്ടായിരുന്നതിനാലാകാം മൂക്കന്നൂർ എന്ന പേര് വന്നത്. അതിപുരാതന കാലത്ത് ജനനിബിഡമായിരുന്ന ഈ പ്രദേശം പ്രകൃതിക്ഷോഭം പോലുള്ള കാരണങ്ങളാൽ ജനവാസമില്ലാതായെന്നും സമീപകലത്ത് ജനവാസം പുനരാരംഭിച്ചതാണെന്നും അനുമാനിക്കുന്നു.

ദശാംബ്ദങ്ങൾക്കു മുമ്പ് ചീനംചിറയിൽ കണ്ടെത്തിയ കൽപടവുകളും, കൽക്കെട്ടുകളും പൂതംകുറ്റി ഭാഗത്ത് കാണപ്പെട്ട മുനിയറകളും മൺഭരണികളും നൂറ്റാണ്ടുകൾ പഴക്കമുള്ള കൂട്ടാല ദേവീക്ഷേത്രവും സമീപത്തെ ആൽമരവും, തേവർക്ക ക്ഷേത്രത്തിലെ ആറാട്ടുമായി ബന്ധപ്പെട്ട ആറാട്ടു പുഴയും മുകളിൽപ്പറഞ്ഞ അനുമാനത്തെ ബലപ്പെടുത്തുന്നു.

മൂക്കന്നൂർ ഒരു കാർഷിക ഗ്രാമമാണ്. ഇവിടത്തെ പൂർവ്വീകർ കൃഷിയെ ജീവിത മാർഗ്ഗമായി സ്വീകരിച്ചവരാണ്. ഇവിടത്തെ ഈ സംഖ്യയിൽ 80% പേർ കർഷക തൊഴിലാളികളും.

കാടിനോടും വന്യമൃഗങ്ങളോടും മല്ലടിച്ചും കാട് വെട്ടിതെളിച്ച് കൃഷിയിറക്കി ചരിത്രം കുറിച്ചു.

ഭൂപ്രകൃതിയനുസരിച്ചു മൂക്കന്നൂരിന്റെ വടക്ക് കിഴക്ക് ഭാഗം ഉയർന്നതും മലമ്പ്രദേശവുമാണ്. തെക്ക് പടിഞ്ഞാറു ഭാഗം താഴ്ന്ന പ്രദേശവും സമതലവുമാണ്. ഇവിടെ ഫലഭൂയിഷ്ഠമാണ്. മലമ്പ്രദേശം പാറക്കെട്ടുകൾ നിറഞ്ഞതാണ്.

ഇവിടത്തെ കാലാവസ്ഥ താരതമ്യേന മിശ്ര ശീതോഷ്ണമാണ്. മഴയുടെ ഏറ്റ കുറിച്ചിലുകൾ അനുസരിച്ച് ചില പ്രദേശങ്ങളിൽ വരൾച്ചയും തുടർന്ന് കുടിവെള്ള ക്ഷാമവും അനുഭവപ്പെടാറുണ്ട്. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കാറുണ്ട്.

മഴയിൽ നിന്നും ആണ് പ്രധാനമായും ജലം ലഭിക്കുന്നത്. ഇതിന് പുറമെ ചാലക്കുടി പുഴയിൽ നിന്ന് ഇടതുകര മെയിൽ കനാലിലൂടെ ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ട്. കൂടാതെ പൂതംകുറ്റി നോർത്ത്, പൂതംകുറ്റി സൗത്ത്, ദേവഗിരി, അട്ടാറ, മഞ്ഞപ്ര, കൊമര പാടം, ആഴകം, മുണ്ടപ്പിള്ളി ബ്രാഞ്ച് കനാലിലൂടെ ജലസേചനം സാധ്യമാകുന്നു.

ഇടമലയാർ കനാലിലൂടെ തുറവൂർ നിന്ന് വരുന്ന ജലം കാളാർകുഴി ഭാഗത്തെ ജലക്ഷാമം പരിഹരിക്കുന്നു.

ഇതിന് പുറമെ ചാലിൽചിറ, ചീനംചിറ, വലിയചിറ, കൊച്ചുചിറ, എങ്ങളിചിറ, പറമ്പിചിറ, വാതക്കാട് ചിറ, കടുംപാടം കിഴക്കേചിറ, കടുംപാടം പടിഞ്ഞാറെ ചിറ, ചാണേക്കാട്ട് ചിറ, അട്ടാറ കിഴക്കെ ചിറ, അട്ടാറ പടിഞ്ഞാറെ ചിറ, പഴംചിറ, പറമ്പയം ചിറ, ഒലിവേലി ചറ, കുണ്ടുംപാടം ചിറ, പാണ്ടേപ്പിള്ളി ചിറ, കോഴിക്കുളം, പട്ടരുകുളം, കണച്ചികുളം, ആറാട്ടുപുഴ, ഭരണിപ്പറമ്പ് തോട്, മൂലേപ്പാറ തോട്, പുല്ല തോട്, എന്നളി കൊമരപാടം തോട് തുടങ്ങിയവയെല്ലാം മൂക്കന്നൂരിലെ പൊതുജല സ്രോതസ്സുകളാണ്.

നെൽവയൽ നികത്തൽ ഗൗരവമായി പാരസ്ഥിക ആഘാതം വരുത്തിവയ്ക്കുന്നുണ്ട്. കർഷകർക്ക് സാമ്പത്തിക സാധ്യത ഏൽക്കുന്നതുകൊണ്ടും കർഷക തൊഴിലാളികളുടെ ലഭ്യത കുറവുകൊണ്ടും നെൽവയലുകൾ നികത്തി മറ്റു കൃഷികൾ ചെയ്യുവാൻ കർഷകർ നിർബന്ധിതരാകുന്നു.

ഭൂമിശാസ്ത്രപരമായിത്തന്നെ താഴ്വരകളായ പ്രദേശത്താണ് ഭൂരിഭാഗവും നെൽവയലുകളുള്ളത്. ഇവിടം മഴക്കാലത്ത് പ്രകൃത്യായുള്ള ജലസംഭരണികളാണ്. നെൽവയൽ നികത്തുന്നതുമൂലം ഈ സംഭരണ സാധ്യത ക്രമാതീതമായി കുറയുകയും ഭൂഗർഭ ജലവിതാനം താഴ്ന്നു പോകുകയും ചെയ്യുന്നു. ഇത് വേനൽക്കാലത്തെ കുടിവെള്ള ക്ഷാമത്തിന് ആക്കം കൂട്ടുന്നു.

പൊതു കുളങ്ങളുടേയും തോടുകളുടേയും വിസ്തൃതി പല കാരണങ്ങളാൽ കുറയുന്നതുകൊണ്ട് നീരൊഴുക്കും ജലസംഭരണശേഷിയും കുറയുന്നു. ഇതും ഭൂഗർഭ ജലവിതാനത്തെ താഴ്ത്തുകയും ശുദ്ധജലക്ഷാമം വരുത്തി വയ്ക്കുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലകളിൽ അനധികൃതവും അശാസ്ത്രീയവുമായി നടക്കുന്ന പാറ ഖനനം ആ പ്രദേശത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

ജൈവ വൈവിദ്ധ്യങ്ങളാൽ സമ്പന്നമായിരുന്നു നമ്മുടെ നാട്. പലതരത്തിലുള്ള ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും വിവിധ തരത്തിലുള്ള മത്സ്യങ്ങളും, തവളകളും, പക്ഷികളും ജീവജാലങ്ങളും ഉണ്ടായിരുന്ന ഇവിടെ മേൽപ്പറഞ്ഞവയിൽ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നെൽവയലുകളും കൃഷിയിടങ്ങളും കോൺക്രീറ്റ് കൊട്ടാരങ്ങൾക്ക് വഴിമാറിയപ്പോഴാണല്ലോ ഇതെല്ലാം സംഭവിച്ചത്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലയളവിൽ പൊതുജനങ്ങളിൽ നിന്നും ഉയർന്നുവന്ന പ്രധാന ആവശ്യങ്ങളിൽ ഒന്ന് മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ചായിരുന്നു. പ്രത്യേകിച്ച് അജൈവ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച്. 13-ാം പഞ്ചവത്സരപദ്ധതി കാലയളവിൽത്തന്നെ മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ കെട്ടിടവും വാഹനവും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഹരിതകർമ്മസേന രൂപീകരിച്ച് പരിശീലനം നൽകി വീടുകളിൽ നിന്നും ആദ്യപടിയായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചു. ഇതുവഴി ഉറവിടമാലിന്യ സംസ്ക്കരണം എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവട് മുന്നോട്ട് പോകാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളുടെ സഹകരണത്തോടെ പടിപടിയായി മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ തുടർന്നും ഗ്രാമപഞ്ചായത്ത് പരിശ്രമിക്കും.

ജനസംഖ്യ

മനുഷ്യസമ്പത്താണ് ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന്റെ നാഴികക്കല്ല്. കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചിരുന്ന ഒരു ജനതയായിരുന്നു മുൻകാലങ്ങളിൽ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇന്ന് പലരും കാർഷികവൃത്തി ഉപേക്ഷിച്ച് മറ്റ് മേഖലയിലേക്ക് കുടിയേറിക്കഴിഞ്ഞു. എന്നിരുന്നാലും പകുതിയോളം വരുന്ന ജനത കാർഷികമേഖലയിൽ നിലനിൽക്കുന്നു.

2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 19080 ആണ്. മൂക്കന്നൂർ, തുറവൂർ, അയ്യമ്പുഴ വില്ലേജുകളിലായി 4801 കുടുംബങ്ങൾ ഉണ്ട്. ആകെ ജനസംഖ്യയിൽ 9446 പുരുഷൻമാരും 9634 സ്ത്രീകളുമുണ്ട്.

പട്ടികജാതി ജനസംഖ്യ 1132 ഉം കുടുംബങ്ങളുടെ എണ്ണം 289 ഉം ആണ്. ആകെ ജനസംഖ്യയിൽ 511 പുരുഷന്മാരും 581 സ്ത്രീകളുമാണ്.

പട്ടികവർഗ്ഗ ജനസംഖ്യ 113 ഉം കുടുംബങ്ങളുടെ എണ്ണം 29 ഉം ആണ്. ആകെ ജനസംഖ്യയിൽ 34 പുരുഷൻമാരും 41 സ്ത്രീകളും 38 കുട്ടികളും ഉണ്ട്.

സാമൂഹിക - സാംസ്ക്കാരിക - സാമ്പത്തിക സ്ഥിതി

സാമൂഹിക വളർച്ചയുടെ സൂചകം സാമ്പത്തിക-സാംസ്ക്കാരിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പുരോഗതി തന്നെയാണ്. നാളിതുവരെ നടന്ന പഞ്ചവത്സര പദ്ധതികളിലൂടെ ഏറെ പരിശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഒട്ടേറെ നേട്ടങ്ങൾ ഇനിയും കൈവരിക്കാനുണ്ട്.

ഈ നാടിന് അഭിമാനിക്കാവുന്ന നേട്ടങ്ങൾക്ക് പിന്നിൽ നാടിന്റെ പൊതുവായ ആവശ്യങ്ങളിൽ ജാതി മത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി ജനങ്ങൾ ഒറ്റക്കെട്ടായി നിന്നിരുന്നു. ഭൂപരിഷ്ക്കരണ നിയമം വന്നതോടെ ഭൂമിയുടെ കേന്ദ്രീകരണത്തിന് മാറ്റം വന്നു. സ്വത്തിന് നിദാനമായിരുന്ന ഭൂമി

പാട്ടക്കാരുടെയും കുടികിടപ്പുകാരുടെയും കൈവശത്തിലെത്തിച്ചേർന്നു. അതുണ്ടാക്കിയ സാമൂഹികമാറ്റം ഈ നാടിന്റെ വികസനത്തിനും നിർണ്ണായക പങ്കു വഹിച്ചു.

വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം പഴക്കമേറിയതാണ്. കുടി പള്ളിക്കൂടങ്ങളാണ് ഇതിന്റെ ആദ്യ സംരംഭം. മൂക്കന്നൂർ സെന്റ് മേരീസ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക ജനങ്ങളുടെ ശ്രമഫലമായി ആരംഭിച്ച ലോവർ പ്രൈമറി സ്കൂളാണ് ഈ നാട്ടിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. പിന്നീട് ഇത് സർക്കാരിന് വിട്ടു കൊടുത്തു. ഇന്ന് ഈ സ്ഥാപനം ഒരു ഹയർ സെക്കണ്ടറി സ്കൂളായി നിലനിൽക്കുന്നു. ആഴകം ഹെർമ്മോൻ പള്ളി ആരംഭിച്ച യു. പി. സ്കൂളും സർക്കാരിന് വിട്ടുകൊടുത്തതാണ്. ഈ ഗ്രാമപഞ്ചായത്തിൽ നിലവിൽ 19 അംഗനവാടികളും 3 അപ്പർ പ്രൈമറി സ്കൂളും 3 ഹൈസ്കൂളും ഒരു ഐ.ടി.സി. യും 3 ഇംഗ്ലീഷ് മീഡിയം സ്കൂളും ഒരു നഴ്സറി സ്കൂളും ഒരു പാര മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും ഒരു എഞ്ചിനീയിംഗ് കോളേജും പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു എന്നതിന്റെ സൂചനയാണിത്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്ന് വിലയിരുത്തപ്പെടുന്നു.

കുടുംബശ്രീ സംവിധാനം സ്ത്രീകളുടെ ശാക്തീകരണത്തിന് വഴിവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വിജയകരമായി നടപ്പിലാക്കാനായത് ദാരിദ്ര്യ ലഘൂകരണത്തിനും സാമൂഹിക വളർച്ചക്കും ഒട്ടേറെ സഹായകരമായിട്ടുണ്ട്. സാമൂഹികമായ മാറ്റങ്ങളുടെ പ്രധാനമായ അടിത്തറ സാമ്പത്തികമാണ്. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി സാമൂഹിക അടിത്തറ ഭദ്രമാക്കാനുള്ള നടപടികളെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനിഷ്ഠാനങ്ങളും എല്ലാം അതിൽ ഉൾപ്പെടും. സമന്വയമായാലും സംഘർഷമായാലും ജനങ്ങളെ സംഘടിപ്പിച്ചു നിർത്തുന്നത് സംസ്ക്കാരത്തിന്റെ കണ്ണികളാണ്. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സാംസ്ക്കാരിക പരിവർത്തനത്തിലൂടെ നമ്മുടെ പഞ്ചായത്തിനെ നൻമയിലേക്ക് നയിക്കുവാൻ സാധിക്കണം.

വിവിധ മത സ്ഥാപനങ്ങൾ നമ്മുടെ നാടിന്റെ സാംസ്ക്കാരിക വളർച്ചക്ക് ചെറുതല്ലാത്ത സംഭാവനയാണ് നൽകിയിട്ടുള്ളത്. ചെറുപുഷ്പാശ്രമ ദേവാലയം, കൂട്ടാല ക്ഷേത്രം, മൂക്കന്നൂർ സെന്റ് മേരീസ് ഫൊറോന ദേവാലയം, ആഴകം ഹെർമ്മോൻ ദേവാലയം, സെഹിയോൻ പള്ളി, കോക്കുന്ന് സെന്റ് ജോസഫ്സ് ദേവാലയം, പറമ്പയം വിജോപുരം ദേവാലയം, താബോർ തിരുകുടുംബ ദേവാലയം, അട്ടാറ അൽഫോൻസാമ്മ ദേവാലയം, പൂതംകുറ്റി സെന്റ് മേരീസ് യാക്കോബായ ദേവാലയം, ആഴകം മംഗലപുരം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, വട്ടേക്കാട് ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം, പൂതംകുറ്റി ശ്രീ ഭൂത ഭുവനേശ്വരി ക്ഷേത്രം മുതലായവ പ്രധാനപ്പെട്ടതാണ്. ഇവിടങ്ങളിലെ തിരുനാളുകളും ഉത്സവങ്ങളും സാംസ്ക്കാരിക ഒത്തുചേരലിന്റെ അവസരങ്ങളാണ്.

ഗ്രന്ഥശാല പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ച കാലം മുതൽ തന്നെ നമ്മുടെ പഞ്ചായത്തിലും വായനശാലകൾ പ്രവർത്തിച്ചു പോരുന്നു. റൂറൽ സെൻട്രൽ ലൈബ്രറി മൂക്കന്നൂർ, എസ്. എൻ.ഡി.പി. ലൈബ്രറി, എലവുങ്ങമറ്റം, റെയിൻബോ ലൈബ്രറി താബോർ, ഗ്രാമപഞ്ചായത്ത് ലൈബ്രറി എന്നിവ ഇതിൽ പ്രധാനമാണ്. ഇതിനു പുറമെ വിവിധ ക്ലബുകളും പ്രവർത്തിക്കുന്നുണ്ട്. വായനശാലകളെയും ക്ലബുകളേയും സാംസ്കാരിക കേന്ദ്രങ്ങൾ ആക്കി മാറ്റാൻ പോന്ന പദ്ധതികൾ അനിവാര്യമാണ്. ഇതിലൂടെ കലാ കായിക വിനോദ സൗകര്യങ്ങൾ, നാടൻ കലകൾ എന്നിവ പരിപോഷിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വികസന തന്ത്രം

ഇന്നത്തെ അവസ്ഥ

കാലങ്ങളായി നിർവഹിച്ചുപോന്നതും ജനകീയ ആസൂത്രണത്തിലൂടെ നിർവഹിച്ചതുമായ പദ്ധതികൾ പഞ്ചായത്തിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം പരാതി രഹിതമായി മുന്നോട്ട് പോകുന്നു. പദ്ധതി ആസൂത്രണം, പെൻഷൻ വിതരണം, ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വൽക്കരണം സാധ്യമായതിനാൽ സുഗമമായി നടക്കുന്നു.

പഞ്ചായത്തിന്റെ വിസ്തൃതി 2250 ഹെക്ടറാണ്. അതിൽ ഏകദേശം 2000 ഹെക്ടർ സ്ഥലത്ത് മാത്രമാണ് വിവിധ കൃഷികൾ ചെയ്തു പോരുന്നത്. നെല്ല്, തെങ്ങ് എന്നിവയാണ് ആദ്യകാല മുഖ്യകൃഷികൾ ആയിരുന്നതെങ്കിലും ഇപ്പോൾ റബ്ബർ, വാഴ, ജാതി എന്നിവയാണ് പ്രധാന കൃഷികൾ. പകർച്ചരോഗം മൂലം തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞുപോയതും നെൽകൃഷി നാമമാത്രമായി ചുരുങ്ങിയതും ശ്രദ്ധേയമാണ്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ക്ഷീരകർഷകരുടെ സ്ഥിതി പിന്നോക്കമാണ്. കാലികൾക്കുള്ള പുല്ലും വയ്ക്കോലും ദുർലഭമായതും കാലിത്തീറ്റയുടെ വില വർദ്ധിച്ചതും അവരെ പിന്നോട്ടടുപ്പിയ്ക്കുന്നു. ആയതിനാൽ അവരെ ഉത്സാഹഭരിതരാക്കുവാനും പുതിയതായി കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകേണ്ടതും ഇതിന് സഹായകരമായ രീതിയിൽ വെറ്റിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുമാണെന്ന് വിലയിരുത്തുന്നു.

സംരഭകത്വം വ്യക്തിഗതമായാലും സംയുക്തമായാലും അതീവ ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വ്യവസായ മേഖലയിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും നല്ല പരിശീലനം ലഭ്യമാക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ സമീപകാലത്തു നടന്ന സർവ്വേ പ്രകാരം 4801 കുടുംബങ്ങൾ ഉണ്ട്. ഇതിൽ മുൻഗണനാ വിഭാഗത്തിൽ 1720 കുടുംബങ്ങൾ ഉൾപ്പെടുന്നു. വിവിധ പദ്ധതികളിലൂടെ വീടുനിർമ്മാണം ആരംഭിച്ചിട്ട് പൂർത്തിയാക്കാൻ കഴിയാതെവന്ന സ്ഥിതിയുണ്ട്. ഇതിന്റെ പരിഹാരത്തിന് അനുയോജ്യമായ പദ്ധതികൾ കൂടിയേ തീരൂ.

ഭൂരഹിതരും ഭവനരഹിതരും ധാരാളമുള്ള പഞ്ചായത്താണ് മൂക്കന്നൂർ. ഭൂമിയുണ്ടായിട്ടും വീട് വയ്ക്കുവാൻ പ്രാപ്തിയില്ലാത്തവരും ഇതിൽ ഉൾപ്പെടും. എന്നിരുന്നാലും ലൈഫ് ഭവന പദ്ധതിയിലൂടെ ചെറിയ ഒരു വിഭാഗത്തിന് വീടും ഭൂമിയും നൽകാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ തൊഴിലില്ലായ്മ രൂക്ഷമായിരുന്നെങ്കിലും ഇപ്പോൾ അങ്ങനെയല്ല. എന്നാൽ പ്രദേശ വാസികളിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഗൗരവമാണ്. ഇതിന്റെ സൂചനയാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തള്ളിക്കയറ്റം. സാമ്പത്തിക രംഗത്ത് ഈയിടെ ഉണ്ടായ ചില പരിഷ്ക്കാരങ്ങൾ മാന്ദ്യത്തോടൊപ്പം തൊഴിലവസരങ്ങൾ നഷ്ടമാക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ രണ്ടു ഘട്ടങ്ങളായി ഉൾപ്പെട്ടിട്ടുള്ള 152 കുടുംബങ്ങൾക്കുള്ള മരുന്ന്, ഭക്ഷണസാധനങ്ങളുടെ കിറ്റ് എന്നിവയുടെ വിതരണം മുടങ്ങാതെ നടന്നുവരുന്നു.

പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷിതത്വ മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വൃദ്ധർ, ഭിന്നശേഷിക്കാർ, വിധവകൾ, അഗതികൾ തുടങ്ങിയവർക്കുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പു വിതരണം ചെയ്തുവരുന്നുണ്ട്. ശാരീരിക മാന

സീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കോക്കുന്നിൽ ആധുനിക സൗകര്യത്തോടു കൂടിയ ബഡ്സ് സ്കൂൾ ആരംഭിക്കാൻ 13-ാം പഞ്ചവത്സര കാലയളവിൽ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. ഈ കുട്ടികളുടെ യാത്രാസൗകര്യത്തിനായി സ്കൂൾ ബസും ഏർപ്പെടുത്തിയിട്ടുണ്ട്.

അങ്കണവാടികളുടെ പോഷകാഹാരം, പ്രീസ്കൂൾ വിദ്യാഭ്യാസം, അമ്മമാർക്ക് ക്ലാസ്സുകൾ, 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ടി. എച്ച്. ആർ.എസ്., കൗമാരപ്രായ പെൺകുട്ടികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. 19 അങ്കണവാടികളിൽ 13 അങ്കണവാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. സെന്റർ നമ്പർ 60 ഒലിവ്മൗണ്ട്, 61 എടലക്കാട്, 66 കോക്കുന്ന് കപ്പേള, 68 കാളാർകുഴി, 70 കൂട്ടാല, 73 ആഴകം എന്നീ 6 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 3 അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ട്. 3 അങ്കണവാടികൾക്ക് കൂടി സ്ഥലം കണ്ടെത്തേണ്ടതുണ്ട്. നിലവിലുള്ള രീതിയിൽ നിന്നും പോഷകാഹാരത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നത് നന്നായിരിക്കും. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കുള്ള വാടക പഞ്ചായത്ത് കൊടുക്കാൻ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ സാംക്രമിക രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളും പ്രതിരോധ പ്രവർത്തനങ്ങൾ, ജലജന്യ രോഗ നിവാരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നതുകൊണ്ട് ഇവക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്. അർഹരായ രോഗികൾക്ക് മരുന്ന് ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുവേണ്ടി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജീവിത ശൈലി രോഗങ്ങളും മഴക്കാല രോഗങ്ങളും നിയന്ത്രിക്കാൻ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

ഒരു സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, 3 ഹൈസ്കൂൾ, 3 യു. പി. എസ്., 3 അൺ എയ്ഡഡ് സ്കൂളുകൾ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, ഐ.ടി.സി., എം. എൽ. ടി. സ്കൂൾ എന്നിവ പ്രവർത്തിച്ചു വരുന്ന നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ മുന്നിൽ തന്നെയാണ്. എന്നാൽ കലാ കായിക രംഗങ്ങളിൽ കുട്ടികളുടെ മികവ് പ്രകടിപ്പിക്കാനുള്ള സ്ഥാപനങ്ങളുടെ കുറവ് എടുത്ത് പറയേണ്ടതാണ്. മത്സരപരീക്ഷകൾക്ക് യുവജനങ്ങളെ ഒരുക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ നിരവധി ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു.

പഞ്ചായത്ത് പ്രദേശത്തെ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ കാലാനുസൃതമായി റീടാറിംഗ് നടത്തണം. ഡ്രൈനേജ് സൗകര്യത്തിന്റെ കുറവ് മൂലം വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയിലുമാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ കുറവും സമയബന്ധിതമായി മാറ്റി സ്ഥാപിക്കാത്തതും യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്.

നിലവിലെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 289 പട്ടികജാതി കുടുംബങ്ങളും അതിൽ 551 പുരുഷന്മാരും 581 സ്ത്രീകളും ഉൾപ്പെടെ 1132 ജനസംഖ്യയാണുള്ളത്. തൊഴിലില്ലായ്മയാണ് അവരെ അലട്ടുന്ന മുഖ്യപ്രശ്നം. കാർഷിക മേഖലയിലുണ്ടായ തളർച്ച അവരുടെ തൊഴിൽ സാധ്യത ഇല്ലാതെയാക്കി. സ്വന്തമായി ഭൂമിയുള്ളവർക്ക് വീടും അനുബന്ധ സൗകര്യങ്ങളും നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പട്ടയം ഇല്ലാത്തവരും സ്വന്തംപേരിൽ ഭൂമി ഇല്ലാത്തവരും ധാരാളം പേർ ഈ വിഭാഗത്തിലുണ്ട്. നിയമ തടസ്സങ്ങൾ മൂലം ഇവർക്ക് വീട് ലഭ്യമായിട്ടില്ല. ഇതു മൂലം കുടിവെള്ളം, ശുചിത്വം, കക്കൂസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിൽക്കുന്നു. വിദ്യാഭ്യാസ രംഗത്ത് സർക്കാരുകളുടെ ഇടപെടൽ മൂലം പുതിയ തലമുറയിൽ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്.

29 പട്ടികവർഗ്ഗ കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ 34 പുരുഷന്മാരും 41 സ്ത്രീകളും, 38 കുട്ടികളും ഉൾപ്പെടെ പട്ടികവർഗ്ഗ ജനസംഖ്യ 113 ആണ്. ഇവരിൽ പലർക്കും താമസിക്കുന്ന ഭൂമിക്ക് പട്ടയം ഇല്ലാത്തതുകൊണ്ട് വീട് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ

കഴിഞ്ഞിട്ടില്ല. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം ഇംഗ്ലീഷ് ഭാഷ ഉൾപ്പെടെയുള്ള പഠന കാര്യങ്ങളിൽ കുട്ടികൾക്ക് കൂടുതൽ മികവ് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിലൂടെ ജലവിതരണ സംവിധാനമായ താബോർ കുടിവെള്ള പദ്ധതി, 5 സ്വജലധാര പദ്ധതികൾ, പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ, സ്വകാര്യ പൊതു കിണറുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ. ടി സ്രോതസ്സുകൾ സംരക്ഷിച്ച് നിലനിർത്തേണ്ടത് അനിവാര്യമാണ്. കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്ന താബോർ, പൂതംകുറ്റി, ഒലിവ്മൗണ്ട്, മൂലപ്പാറ, പറമ്പയം മേട് എന്നീ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകാറുണ്ട്. ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി കുടിവെള്ള ക്ഷാമത്തിന് പൂർണ്ണമായി പരിഹാരം കാണുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതു മാർക്കറ്റുകൾ പോലെയുള്ള രൂക്ഷമായ മാലിന്യ സ്രോതസ്സുകൾ മൂലമുള്ള മാലിന്യ പ്രശ്നങ്ങൾ ഇല്ലെങ്കിലും ഗാർഹിക മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ കുറവ് ശുചിത്വ രംഗത്തെ വെല്ലുവിളിയായി നിലനിൽക്കുന്നു. എന്നിരുന്നാലും ഹരിതകർമ്മസേനയുടെ പ്രവർത്തനം വഴി അജൈവ മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ ആവശ്യത്തിന് ടോയ്ലറ്റുകളും മറ്റ് ശുചിത്വ സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത അവയ്ക്കുള്ള കാരണങ്ങൾ

കാർഷിക മേഖലയിൽ കാർഷീകോൽപ്പാദന വർദ്ധനവ് ലക്ഷ്യം വച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വരുന്ന പദ്ധതി കാലയളവിലും കാർഷീകോൽപ്പന്നങ്ങൾ, വിത്ത്, വളം, ആവശ്യമായ കീടനാശിനികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കണം. ഈ കാലഘട്ടത്തിന്റെ ആവശ്യകത പരിഗണിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ജലസേചനം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കണം.

മൃഗസംരക്ഷണ രംഗം കൂടുതൽ ചെലവ് വരുത്തുന്നതായതിനാൽ ക്ഷീര കർഷകർ ബുദ്ധിമുട്ട് നേരിടുന്നു. ക്ഷീരകർഷകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പാൽ ഉല്പാദന വർദ്ധനവും പക്ഷിമൃഗാദി സമ്പത്ത് വർദ്ധനവും നേടുവാൻ മൃഗാശുപത്രിയുടെ സേവനം കാര്യക്ഷമമാക്കാനുള്ള പദ്ധതികളും വിഭാവനം ചെയ്യണം.

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. സ്കിൽ ഡവലപ്പ്മെന്റ് പരിശീലന പരിപാടികൾക്ക് ഊന്നൽ നൽകാവുന്നതാണ്. വിദേശ തൊഴിൽ സാധ്യതകൾ ലക്ഷ്യം വച്ച് പരിശീലന പദ്ധതികൾ, പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് ആവിഷ്ക്കരിക്കേണ്ടതാണ്. ചെറുകിട വ്യവസായ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ വേണ്ടതാണ്.

പഞ്ചായത്തിലെ കുടുംബങ്ങളിൽ ന്യൂനപക്ഷം പേർ മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ. ഇവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പദ്ധതികൾ അനിവാര്യമാണ്. കുടുംബശ്രീ അംഗങ്ങൾ മറ്റ് സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. ദരിദ്ര ജനങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിനും ലക്ഷം വീടുകൾ പോലുള്ളവയുടെ പുനരുദ്ധാരണത്തിനും ഒറ്റ വീടുകൾ ആക്കുന്നതിനുമുള്ള പദ്ധതികൾ വേണം. ഇതിലേക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്നു മറ്റ് ഏജൻസികളിൽ നിന്നുമുള്ള ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

സാമൂഹ്യ ക്ഷേമ രംഗത്ത് നിലവിലെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിലേക്ക് ആത്മാർത്ഥമായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്ക് സമൂഹത്തിൽ

പ്രത്യേക പരിഗണന ലഭിക്കാവുന്ന പദ്ധതികൾ ആവശ്യമാണ്. മാറാരോഗികൾ, കിടപ്പുരോഗികൾ തുടങ്ങിയവർക്കുള്ള പാലിയേറ്റീവ് പരിചരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ ഭൂരിഭാഗവും പിന്നോക്കാവസ്ഥയിൽ തന്നെയാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള ഉപപദ്ധതികൾ, വിഭാവനം ചെയ്യേണ്ടതുണ്ട്. ഇക്കൂട്ടർക്ക് ഭവന ലഭ്യതയും താമസസൗകര്യങ്ങളുടെ ഗുണനിലവാര വർദ്ധനവും, വിദ്യാഭ്യാസ സൗകര്യങ്ങളും, കുടിവെള്ള ലഭ്യതയും, മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി നിരവധി പദ്ധതികൾ ഇനിയും ആവശ്യമുണ്ട്. അങ്കണവാടി കെട്ടിടങ്ങൾ, പോഷകാഹാര ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ, കുടിവെള്ളം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവക്കായുള്ള പദ്ധതികളും വേണ്ടതാണ്. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത 6 അങ്കണവാടികൾക്ക് അതുണ്ടാക്കുന്നതിനുള്ള പദ്ധതികൾ വേണം. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ആ തുക കണ്ടെത്തുന്ന പദ്ധതികൾ നല്ലതാണ്. ഇതിന് പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം തേടാവുന്നതാണ്.

പൊതുജനാരോഗ്യം ഇന്നും ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന അവസ്ഥയിൽ തന്നെയാണ്. മാലിന്യങ്ങളും, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം പോലുള്ള പകർച്ച വ്യാധികളും പ്രശ്നങ്ങളാണ്. ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് പോലുള്ള അജൈവമാലിന്യങ്ങളും ആധുനിക രീതിയിൽ സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകാവുന്നതാണ്. പ്ലാസ്റ്റിക് സംസ്ക്കരണത്തിന് കേന്ദ്രീകൃത പദ്ധതികളും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് ബദൽ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും ആവിഷ്ക്കരിക്കാവുന്നതാണ്. നിലവാര കുറഞ്ഞ പ്ലാസ്റ്റിക്കുകൾ നിരോധിക്കുന്നതിനുള്ള പദ്ധതികളും വേണ്ടതാണ്. ആരോഗ്യ പരിപാലനത്തിനായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടും ബാരോഗ്യ കേന്ദ്രമാക്കി മാറ്റി പൊതുജനങ്ങൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്ക ണം. രോഗികൾക്ക് വർഷം മുഴുവൻ മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

വരും തലമുറയ്ക്ക് ഇവിടെ വാസം യോഗ്യമാക്കാൻ പരിസ്ഥിതി സംരക്ഷണത്തിനായുള്ള പദ്ധതികൾ കൂടിയേ തീരൂ. ODF പഞ്ചായത്തായി അംഗീകരിച്ചിട്ടുള്ള നമ്മുടെ ഗ്രാമത്തിൽ ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ പദ്ധതികൾ ഇനിയും ആവശ്യമുണ്ട്. പൊതുസ്ഥലങ്ങളിൽ പൊതു ശൗചാലയ സൗകര്യങ്ങൾ വ്യാപകമാക്കുന്ന പദ്ധതികൾ വേണം. പ്രധാന കവലകളിൽ ഈ സൗകര്യം ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം. കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ അത്യാവശ്യമാണ്. പൈപ്പുവെള്ളം മുഴുവൻ വീടുകളിലേക്കും ലഭ്യമാക്കുന്ന തിന് ജലജീവൻ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കണം. ഭൂഗർഭ ജലം ഉയർത്തു കയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ കിണറുകളും റീചാർജ് ചെയ്യുന്ന പദ്ധ തിക്ക് രൂപം നൽകണം.

വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്ത് ഏറെ മുന്നിലാണെങ്കിലും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂടിയേ തീരൂ. സ്കൂളുകളിലെ കലാകായിക രംഗത്തെ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്ന പദ്ധതികൾ ആവശ്യമാണ്. യുവജനങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കും ഇത്തരം പദ്ധതികൾ പ്രത്യേകം ആസൂത്രണം ചെയ്യേണ്ടതുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മേന്മയുള്ളതാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ അഭികാമ്യമാണ്.

റോഡ്, പാലങ്ങൾ, കെട്ടിടങ്ങൾ, വൈദ്യുതി വിതരണം എന്നീ രംഗങ്ങളിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തലും നിലവിലുള്ളവയുടെ സംരക്ഷണവും വളരെയധികം വെല്ലുവിളികൾ നേരിടുന്ന കാര്യങ്ങളാണ്. പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കി ഇവ ഗതാഗത യോഗ്യമാക്കി

സംരക്ഷിക്കേണ്ടതുണ്ട്. വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിനും പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

വിഭവ സമാഹരണത്തിനുള്ള പദ്ധതികളും കണ്ടെത്തി നടപ്പിലാക്കികൊണ്ടാണ് പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കാൻ കഴിയുകയുള്ളൂ.

ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധത്തിന് വ്യായാമം അനിവാര്യമാണ്. ഹെൽത്ത് ക്ലാസുകളുടെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ ബോധവൽക്കരണവും ഈ രംഗത്ത് അനിവാര്യമാണ്.

ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും

നാളിതുവരെയുള്ള പദ്ധതിപ്രവർത്തനങ്ങൾ കൊണ്ടും മറ്റ് പ്രവർത്തനങ്ങൾ കൊണ്ടും നാം ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും കോട്ടങ്ങൾ പരിഹരിക്കുന്നതിലേക്കുമായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും മറ്റ് ജനവിഭാഗങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നുമുള്ള ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്.

കാർഷിക മേഖലയിൽ വിത്ത്, വളം, കീടനാശിനികൾ, കാർഷീകോപകരണങ്ങൾ, ജലസേചനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

മൃഗസംരക്ഷണ രംഗത്തെ പാലുൽപ്പാദനങ്ങളിലെ ചെലവുകൾ ലഘൂകരിക്കുന്നതിനും പാലുൽപ്പാദന വർദ്ധനവിനും പക്ഷി-മൃഗാദി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ നിലവാര വർദ്ധനവിനും ഉള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്.

കുടുംബശ്രീ, കർഷക ഗ്രൂപ്പുകൾ പോലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തി കുടുംബങ്ങളുടെ ദാരിദ്ര്യം ഘട്ടംഘട്ടമായി ലഘൂകരിക്കുന്നതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഭവനരഹിത കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിനും ഭവന പുനരുദ്ധരാണത്തിനുമുള്ള പദ്ധതികളും ത്രിതല പഞ്ചായത്തുകളുടെയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനലഭ്യതയും ഭവനസൗകര്യങ്ങളുടെ ഗുണനിലവാര വർദ്ധനവും, ഒത്തുകൂടാനാവശ്യമായ സംവിധാനങ്ങളും, വിദ്യാഭ്യാസ സൗകര്യങ്ങളും, താമസ സ്ഥലത്തേക്കുള്ള ഗതാഗത-കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള ഉപപദ്ധതികളിലൂടെ നടപ്പിലാക്കുന്നതാണ്.

ശിശു സംരക്ഷണത്തിനുള്ള മുഖ്യകേന്ദ്രങ്ങളായ അങ്കണവാണികളുടെ കെട്ടിടം, കുടിവെള്ളം,അടിസ്ഥാന സൗകര്യങ്ങൾ, പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തേണ്ടതുണ്ട്. കുടുംബശ്രീ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തി സ്ത്രീകളുടെ ഉന്നമനത്തിനായി ശ്രമിക്കുന്നതാണ്.

മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്ന് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ കിണർ റീ ചാർജിങ്, മഴവെള്ള സംഭരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്.

വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും പഠന നിലവാരം

ഉയർത്തേണ്ടതും കലാ-കായിക വികസനത്തിനുള്ള ഗുണനിലവാരമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമങ്ങൾ നടത്തുന്നതുമാണ്.

പുതിയ റോഡുകളുടെ നിർമ്മാണം നിലവിലുള്ളവയുടെ അറ്റകുറ്റ പണികൾ എന്നിവക്കുള്ള പദ്ധതികളും വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ചൂഷണം സമ്പുഷ്ടമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

വികസന പരിപ്രേക്ഷ്യം

ലഭ്യമാകുന്ന പദ്ധതി വിഹിതം പരമാവധി പ്രയോജനപ്പെടുത്തിയും സ്റ്റേക് ഹോൾഡേഴ്സിൽ നിന്നും ലഭ്യമാക്കാവുന്ന വിഭവ സാധ്യതകളെ തരപ്പെടുത്തിയും മുൻഗണനാവശ്യങ്ങൾ നിജപ്പെടുത്തിയും വികസനം സാധ്യമാക്കുകയെന്ന നയസമീപനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകുന്നതിന്റെ അടിസ്ഥാനം. നിലവിലുള്ള കൃഷികളുടെ ഉൽപ്പാദന ക്ഷമത നന്നായി വർദ്ധിപ്പിക്കുന്നതോടൊപ്പം ഇല്ലാതായിക്കൊണ്ടിരിക്കുന്ന നെൽകൃഷിയെ തിരികെ കൊണ്ടുവരുന്നതിന് മുൻതൂക്കം നൽകണം. യന്ത്രവൽക്കരണം വ്യാപിപ്പിച്ചും അതിനനുയോജ്യമായ ഗ്രൂപ്പ് ഫാമിംങ് പ്രോത്സാഹിപ്പിച്ചും തൊഴിലാളികളുടെ ലഭ്യതക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഉന്നം വയ്ക്കണം. തോടുകളും നീർവാർച്ചാ സൗകര്യങ്ങളും മെച്ചപ്പെടുത്തിയും നെൽകൃഷിയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഒരുക്കണം. കാർഷിക മേഖലയിലെ പുരോഗമനാശയങ്ങളെ സ്വാംശീകരിച്ച് യുവജനങ്ങളുടെ വീക്ഷണത്തിൽ മാറ്റം വരുത്തുന്ന പദ്ധതികളുണ്ടാകണം. യുവജനങ്ങളെ കാർഷീക മേഖലയിലേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ ഗ്രീൻ ഹൗസ് ഫാമിങ്, അക്വാപോണിക്സ്, ജൈവകൃഷി, മത്സ്യകൃഷി തുടങ്ങിയ വിജയകരമാകുന്ന നൂതന പദ്ധതികൾ നടപ്പിലാക്കണം.

കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീരോൽപ്പാദന മേഖലയെ ക്ഷീണിപ്പിച്ചിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളെ മറികടക്കുവാൻ പോന്ന പദ്ധതികൾ ഈ മേഖലയിലെ സഹകരണ പ്രസ്ഥാനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുവാനായി രൂപം നൽകണം. ഇറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിന് തൊഴിൽ രഹിതരായ വീട്ടമ്മമാരുടെ സജീവ ഇടപെടൽ ഉറപ്പാക്കുന്ന പദ്ധതികൾ വിജയകരമായിരിക്കും.

പഞ്ചായത്ത് പ്രദേശത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം പലയിടത്തും വളരെ കുറവാണ്. അവയുടെ നിലവാരമുയർത്തുന്നതിന് വർക്കർമാരെ കഴിവുള്ളവരാക്കുന്നതിനും അങ്ങനെ അവയുടെ സേവനത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾക്ക് രൂപം നൽകണം. ഇതിനായി പൂർവ്വ വിദ്യാർത്ഥികളുടെ സഹായം ലഭ്യമാക്കണം.

വൃദ്ധ ജനങ്ങൾ നിരാലംബരാകുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന കാഴ്ചകൾ വ്യാപകമാകുന്നു. ആയതിനാൽ അവർക്ക് പകൽ വീട് ഉണ്ടാകുവാൻ പദ്ധതി വേണം. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കിടപ്പുരോഗികൾക്ക് ആശ്വാസമായ സാന്ത്വന പരിചരണ പരിപാടികൾക്ക് കൂടുതൽ മികവു നൽകാൻ സാധിക്കുന്ന പദ്ധതികൾ രൂപീകരിക്കണം.

പൊതുടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ഉണ്ടാകണം. ഇ ടോയ്ലറ്റു (e-toilet) കൾക്ക് മുൻഗണന നൽകണം. മാലിന്യ സംസ്ക്കരണം ഉറവിടത്തിലും അല്ലാതെയും സാധ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. ഇക്കാര്യങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുവാൻ ബോധവൽക്കരണ പദ്ധതികളും ഉണ്ടാകണം. സംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യ സംസ്ക്കരണത്തിനും കുടിവെള്ള സംരക്ഷണത്തിനും ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ കൈവശമുള്ളതും ഭവനരഹിതർക്ക് വീടുവച്ചു നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമായ മൂന്നാം വാർഡിലെ മൂലേപ്പാറയിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ ഭൂപ്രകൃതിക്കനുസരിച്ച് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി രൂപപ്പെടുത്തും. ഇതിന് പണ ലഭ്യത ഉറപ്പാക്കുവാൻ ഫെഡറൽ ബാങ്ക് പോലുള്ള സ്റ്റേക് ഹോൾഡേഴ്സിനെ പദ്ധതിയുടെ ഭാഗമാക്കും. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രം, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, മൃഗാശുപത്രി എന്നിവയുടെ സേവനങ്ങൾ കൂടുതൽ ജനവിഭാഗങ്ങൾക്ക് ലഭ്യമാകുംവിധം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കും. കുറഞ്ഞ ചെലവിൽ മരുന്നുകളും, ലാബ് ടെസ്റ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകണം. മൃഗാശുപത്രി, ഹോമിയോ ആശുത്രി, ആയുർവേദ ആശുപത്രി എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള ലൈബ്രറിക്ക് 13-ാം പദ്ധതികാലയളവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു. ഇതുവഴി വായനയേയും വിജ്ഞാന സമ്പാദനത്തേയും വ്യാപിപ്പിക്കുവാനും സാധിച്ചു.

മാനസീകോല്ലാസത്തിന് പ്രകൃതി ഗ്രാമം അധികം ദൂരത്തല്ലെങ്കിലും പഞ്ചായത്തിൽ അതിനുള്ള സൗകര്യം ഇല്ല. ഇതു പരിഹരിക്കുവാൻ ചാലിൽ ചിറ പരമാവധി വലിപ്പത്തിൽ കെട്ടി സംരക്ഷിക്കുന്നതിനും അനുബന്ധമായി ഒരു പാർക്ക് ഉണ്ടാക്കുന്നതിനും എം.എൽ.എ. ഫണ്ടും, ഇതര ഏജൻസികളുടെ ഫണ്ടും ഉപയോഗിച്ച് 13-ാം പഞ്ചവത്സരപദ്ധതി കാലയളവിൽത്തന്നെ നിർമ്മിക്കുകയുണ്ടായി. ഈ മാതൃക പിന്തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉള്ള പൊതു ചിറകളും കുളങ്ങളും തോടുകളും അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് കെട്ടി സംരക്ഷിക്കുന്നതിനും ഉപരിതല ജലം സംരക്ഷിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ കഴിയുന്ന പദ്ധതികളും ലക്ഷ്യം വയ്ക്കുന്നു. അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് കെട്ടി സംരക്ഷിക്കുന്നതിനും ഉപരിതല ജലം സംരക്ഷിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ കഴിയുന്ന പദ്ധതികളും ലക്ഷ്യം വയ്ക്കുന്നു.

റോഡ് സൗകര്യങ്ങളുടെ വികസനത്തിന് വൈദ്യുതി വിതരണം ഓവർ ഹെഡ് ലൈനുകളിലൂടെ നടത്തുനന്ത് പലപ്പോഴും തടസ്സങ്ങളുണ്ടാക്കുന്നു. കൂടാതെ അപകടം കുറഞ്ഞ വൈദ്യുതി വിതരണ സംവിധാനമായ അണ്ടർ ഗ്രൗണ്ട് കേബിൾ (UG Cable) വിനിയോഗിക്കുന്നതിന് KSEB യുമായി ചേർന്ന് പദ്ധതിയുണ്ടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ അതാതു വികസന മേഖലകളുടെ ഇന്നത്തെ അവസ്ഥ, പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, കാരണങ്ങൾ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ, ജനങ്ങളുടെ ആവശ്യങ്ങൾ, മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ ഭൗതിക ലക്ഷ്യങ്ങൾ, നേട്ടകോട്ടങ്ങൾ എന്നിവ വിലയിരുത്തിക്കൊണ്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നേടാൻ കഴിയുന്ന പൊതു ലക്ഷ്യങ്ങളും അതിന് അവലംബമാക്കിയിട്ടുള്ള വികസന മേഖലാ ലക്ഷ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ദീർഘകാല വികസന കാഴ്ചപ്പാടോടെ തയ്യാറാക്കിയ വരും വർഷങ്ങളിൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

അദ്ധ്യായം – 2

നടപ്പ് വാർഷിക പദ്ധതി അവലോകനം– (2025–26 വാർഷിക പദ്ധതി)

പ്രോ. നം	പ്രോജക്ടിന്റെ പേര്	നടപ്പാക്കിയ വർഷം		പ്രോജക്ടിൻറെ അവസ്ഥ
1	ഇൻഫർമെഷൻ കേരള മിഷന് തുക കൈമാറൽ	2025-26	New	പൂർത്തിയായി
2	പദ്ധതി ആസൂത്രണവും മോണിറ്ററിംഗും	2025-26	New	പൂർത്തിയായി
3	എസ്എസ് കെ വിഹിതം നൽകൽ	2025-26	New	പൂർത്തിയായി
4	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ	2025-26	New	പൂർത്തിയായി
6	കേരളോത്സവം ധനസഹായം നൽകൽ	2025-26	New	പൂർത്തിയായി
9	വരൾച്ച ദുരിതാശ്വാസം കുടിവെള്ളം വിതരണം	2025-26	New	നടന്നു വരുന്നു.
10	പിഎച്സിയിലേക്ക് മരുന്ന് വാങ്ങൽ	2025-26	New	പൂർത്തിയായി
12	യൂസർഫീയിൽ ഇളവ് നൽകിയിരിക്കുന്ന വീടുകളുടെ തുക ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ	2025-26	New	നടന്നു വരുന്നു.
13	അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ	2025-26	New	പൂർത്തിയായി
14	ക്ലീൻ ഗ്രീൻ ഹാപ്പി മുക്കന്നൂർ ശുചിത്വ തൊഴിലാളികൾക്ക് വേതനം നൽകൽ	2025-26	New	പൂർത്തിയായി

16	ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് ലഭ്യമാക്കൽ തുക കൈമാറൽ	2025-26	New	പൂർത്തിയായി
17	പിഎച്സിയിലേക്ക് ലാബ് ടെക്നിഷ്യനും ഫാർമസിസ്റ്റിനും വേതനം നൽകൽ	2025-26	New	പൂർത്തിയായി
18	ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി	2025-26	New	പൂർത്തിയായി
19	സാന്ത്വന പരിചരണ പരിപാടി	2025-26	New	പൂർത്തിയായി
20	പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും	2025-26	New	പൂർത്തിയായി
21	മെഡിക്കൽ ഓഫീസർ പിഎച്സിയുടെ കണ്ടിൻജന്റ് ചെലവ് നൽകൽ	2025-26	New	പൂർത്തിയായി
22	കർഷകർക്ക് വിരമരുന്നും ധാതുലവണവും വാങ്ങൽ	2025-26	New	പൂർത്തിയായി
23	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	2025-26	New	പൂർത്തിയായി
24	ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	2025-26	New	പൂർത്തിയായി
25	ആഴകം ഗവ യുപി സ്കൂളിലേക്ക് ഇൻവെർട്ടറും യുപിഎസും വാങ്ങൽ	2025-26	New	പൂർത്തിയായി
26	അങ്കണവാടി പോഷഹാകാരം പദ്ധതി	2025-26	New	പൂർത്തിയായി
27	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2025-26	New	പൂർത്തിയായി

28	ഭിന്നശേഷി കലാമേള	2025-26	New	പൂർത്തിയായി
29	ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ പ്രിൻറ് ലാപ്പോപ്പ് പ്രോജക്ട് എന്നി വാങ്ങൽ	2025-26	New	പൂർത്തിയായി
30	ഐ സി ഡി എസ് സൂപ്പർവൈസറുടെ കണ്ടിജൻ റ്റ് ചെലവുകൾ	2025-26	New	പൂർത്തിയായി
31	അതി ദരിദ്രർക്കു ഫുഡ് കിറ്റ് വിതരണം	2025-26	New	പൂർത്തിയായി
32	അങ്കണവാടി ഭൌതിക സൌകര്യം ഒരുക്കൽ	2025-26	New	പൂർത്തിയായി
33	വയോജനങ്ങൾക്ക് കട്ടിൽ	2025-26	New	പൂർത്തിയായി
35	ഭവന നിർമ്മാണം ലൈഫ്- ജനറൽ	2025-26	New	പൂർത്തിയായി
36	വെറ്ററിനറി ഡിസ്പെൻസറിയുടെ കണ്ടിജൻ്റ് ചിലവ് നൽകൽ	2025-26	New	പൂർത്തിയായി
39	അഴകം ഗവൺമെൻറ് യുപി സ്കൂൾ മുറ്റം കട്ടവിരിക്കൽ	2025-26	New	നടന്നു വരുന്നു.
41	ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ലൈഫ്- ജനറൽ	2025-26	New	നടന്നു വരുന്നു.
43	വീട് വാസയോഗ്യമാക്കൽ- ജനറൽ	2025-26	New	നടന്നു വരുന്നു.
44	പി എം എ വൈ ജി – ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ	2025-26	New	നടന്നു വരുന്നു.

45	ഭവനനിർമാണം ലൈഫ് എസ് സി	2025-26	New	നടന്നു വരുന്നു.
46	അതി ദരിദ്രർക്ക് വീട് വാസയോഗ്യമാക്കൽ	2025-26	New	നടന്നു വരുന്നു.
47	നെൽ കൃഷി വികസനം	2025-26	New	നടന്നു വരുന്നു.
48	തെങ്ങ് ജാതി അധിഷ്ഠിത കൃഷി വികസനം	2025-26	New	പൂർത്തിയായി
49	ഹോമിയോ ഡിസ്പെൻസറിക്കു മരുന്ന് വാങ്ങൽ	2025-26	New	പൂർത്തിയായി
50	വാഴ കൃഷി വികസനം	2025-26	New	പൂർത്തിയായി
51	കൃഷിഭവന്റെ കണ്ടീജന്റെ ചെലവ് നൽകൽ	2025-26	New	പൂർത്തിയായി
52	തെരുവ് വിളക്കുകൾക്കും ഹൈമാസ്റ്റ് ലൈറ്റുകൾക്കും അന്വൽ മെയിൻറനൻസ് – ലേബർ കോൺട്രാക്റ്റ് ഏർപ്പെടുത്തൽ	2025-26	New	നടന്നു വരുന്നു.
53	തെരുവ് വിളക്കുകൾക്കും ഹൈമാസ്റ്റ് ലൈറ്റുകൾക്കും അന്വൽ മെയിൻറനൻസ് – സാധന സമാഗ്രികൾ വാങ്ങൽ	2025-26	New	നടന്നു വരുന്നു.
54	മൃഗാശുപത്രിക്ക് കൗലിഫ്റ്റ്	2025-26	New	നടന്നു വരുന്നു.
55	ഭവന പുനരുദ്ധാരണം പട്ടികജാതി	2025-26	New	നടന്നു വരുന്നു.
56	പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	2025-26	New	പൂർത്തിയായി

57	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം	2025-26	New	പൂർത്തിയായി
58	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം	2025-26	New	പൂർത്തിയായി
59	പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം	2025-26	New	പൂർത്തിയായി
60	പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം	2025-26	New	പൂർത്തിയായി
61	പട്ടികവർഗ്ഗക്കാർക്ക് വാട്ടർടാങ്ക് വിതരണം	2025-26	New	പൂർത്തിയായി
62	ലെഗസി മാലിന്യങ്ങൾ കയ്യോഴിക്കൾ	2025-26	New	പൂർത്തിയായി
63	പട്ടികവർഗ്ഗക്കാർക്ക് സൌര ഗാർഹിക വിളക്ക് വിതരണം	2025-26	New	പൂർത്തിയായി
65	ബഡ്സ് സ്കൂൾ പ്രവർത്തന ചെലവുകൾ	2025-26	New	പൂർത്തിയായി
66	ഐ സി ഡി എസ് സൂപ്പർവൈസർ ക്ക് കമ്പ്യൂട്ടർ യുപിഎസ് പ്രിൻറർ വാങ്ങൽ	2025-26	New	പൂർത്തിയായി
70	വിവിധ വാർഡുകളിലേക്ക് തെരുവ് വിളക്കിന് ലൈൻ സ്ഥാപിക്കൽ	2025-26	New	പൂർത്തിയായി
71	ആഴകം ഗവയുപിസ്കൂൾ കണ്ടിജന്റ് ചിലവുകൾ	2025-26	New	പൂർത്തിയായി
72	കാരുണ്യ സ്പർശം ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം നൽകൽ	2025-26	New	പൂർത്തിയായി

73	പട്ടികവർഗ്ഗ വയോജനങ്ങൾ കട്ടിൽ വിതരണം	2025-26	New	നടത്തു വരുന്നു
83	ഗാന്ധിനഗർ സെഹിയോൻകവല കനൽ ബണ്ട് കൈവരി നിർമ്മാണം വാർഡ് – 4	2025-26	New	ആരംഭിച്ചു
84	ഏ എം അർ വില്ല റോഡ് നിർമ്മാണം വാർഡ് – 5	2025-26	New	ആരംഭിച്ചു
92	അങ്കണവാടി നമ്പർ 73– ന് മുകളിൽ ഭിത്തി നിർമ്മിച്ച് ഷീറ്റ് മേയൽ വാർഡ് – 10	2025-26	New	ആരംഭിച്ചു
93	അങ്കണവാടി നമ്പർ 73– ന് മുകൾ നിലയിൽ ടോയ്ലറ്റ് നിർമ്മാണം വാർഡ് – 10	2025-26	New	ആരംഭിച്ചു
114	കൊക്കുന്ന് അങ്കണവാടി റോഡ് റീ ടാറിംഗ് വാർഡ് – 4	2025-26	New	ആരംഭിച്ചു
133	ഇമ്മാനുവേൽ സ്കൂൾ ലിങ്ക് ഡ്രൈനെജ് നിർമ്മാണം വാർഡ് – 10	2025-26	New	ആരംഭിച്ചു
141	തുരത്തു കണിച്ചകുളം റോഡ് മെയിന്റെനെൻസ് വാർഡ് – 11	2025-26	New	ആരംഭിച്ചു
152	കട്ടപ്പടംചിറ തോട് കെട്ടി സംരക്ഷണം വാർഡ് – 12	2025-26	New	ആരംഭിച്ചു
155	അട്ടാറ പാടം തോട് റോഡ് മെയിന്റെനെൻസ് വാർഡ് –	2025-26	New	ആരംഭിച്ചു
161	തെക്കേ അട്ടാറ വടക്കേ അട്ടാറ ലിങ്ക് റോഡ് ന്നിർമ്മാനം വാർഡ് – 13	2025-26	New	ആരംഭിച്ചു
174	2024 – 25 സാമ്പത്തിക വർഷത്തെ ടെണ്ടെർ എക്സസ് തുക നൽകൽ	2025-26	New	ആരംഭിച്ചു

178	പുത്തൻപാലം ചെക്ക് ഡാം നിർമ്മാണം വാർഡ് – 10	2025-26	New	ആരംഭിച്ചു
185	ആയുർവേദ ഡിസ്പെൻസറിയുടെ ആവർത്തന ചെലവുകൾ	2025-26	New	ആരംഭിച്ചു
186	ഹോമിയോ ഡിസ്പെൻസറിയുടെ കണ്ടിജെൻട് ചെലവുകൾ	2025-26	New	ആരംഭിച്ചു
190	എംസിഎഫ് ന് അനുബന്ധ സൌകര്യം ഒരുക്കൽ	2025-26	SO	പൂർത്തിയായി
191	റോഡ് കണക്ടിവിറ്റി മാപ്	2025-26	SO	പൂർത്തിയായി
192	കെ പി ഹോർമീസ് റോഡ് നിർമ്മാണം വാർഡ് 9	2025-26	SO	പൂർത്തിയായി
193	69–ാം അങ്കണവാടി മെയിൻറനൻസ് വാർഡ് 7	2025-26	SO	പൂർത്തിയായി
194	കിടങ്ങേത്ത് റോഡ് റീടാറിംഗ് വാർഡ് 4	2025-26	SO	പൂർത്തിയായി
195	എരപ്പ് കൈതാലം ബൈപ്പാസ് റോഡ് റീടാറിംഗ് വാർഡ് 9	2025-26	SO	പൂർത്തിയായി
196	കോക്കുന്ന് ലക്ഷംവീട് പഞ്ചായത്ത് കിണർ ക്ലീനിംഗും അറ്റകുറ്റപണിയും	2025-26	SO	പൂർത്തിയായി
197	മാടശ്ശേരി സ്ട്രീറ്റ് ലിങ്ക് റോഡ് റീടാറിംഗ് വാർഡ് 6	2025-26	SO	പൂർത്തിയായി
198	ആനപ്പാറ കനാൽബണ്ട് റോഡ് ബൈപ്പാസ് റോഡ് റീടാറിംഗ് വാർഡ് 4	2025-26	SO	പൂർത്തിയായി

199	പറമ്പയം ചിറ നോർത്ത് സെൻറ് റീച്ച് നിർമ്മാണം വാർഡ്14	2025-26	SO	പൂർത്തിയായി
200	ചൂളപ്പുര നക്കാളിപ്പാടം തോട് നിർമ്മാണം വാർഡ്6	2025-26	SO	പൂർത്തിയായി
201	അട്ടാറ വേലത്തിചിറ റോഡ് നിർമ്മാണം വാർഡ്14	2025-26	SO	പൂർത്തിയായി
202	എലവുങ്കമറ്റം കണ്ണറമ്പത്ത് റോഡ് റീടാറിംഗ് വാർഡ്14	2025-26	SO	പൂർത്തിയായി
203	ബാംബു കൂട്ടാല റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ്8	2025-26	SO	പൂർത്തിയായി
204	അട്ടാറ കാട്ടാംമ്പിള്ളി ഹരിജൻകോളനി റോഡ് വാർഡ്13	2025-26	SO	പൂർത്തിയായി
205	കാളാർകുഴി കനാൽബണ്ട് റോഡ് കൈവരി നിർമ്മാണം വാർഡ്6	2025-26	SO	പൂർത്തിയായി
206	വെസ്റ്റ് തൊടുവ ലിങ്ക് ബൈറോഡ് നിർമ്മാണം വാർഡ്10	2025-26	SO	പൂർത്തിയായി
207	ആശാൻ പീടിക ബാംബു കോർപ്പറേഷൻ റോഡ് മെയിൻറനൻസ് വാർഡ്8	2025-26	SO	പൂർത്തിയായി
208	കൈപ്രമ്പാട്ട് റോഡ് മെയിൻറനൻസ് വാർഡ്5	2025-26	SO	പൂർത്തിയായി
209	സാൻസ്ടം കാളാർകുഴി റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണംസെക്കന്റ് റീച്ച് വാർഡ്7	2025-26	SO	പൂർത്തിയായി
210	പിഎച്ച്സി യിലേക്ക് കിണർ നിർമ്മാണം	2025-26	SO	പൂർത്തിയായി

211	മങ്ങാടൻ റോഡ് മെയിൻറൻസ് വാർഡ്11	2025-26	SO	പൂർത്തിയായി
212	പാഷൻ ഓഫ് ദി ക്രൈസ്റ്റ് ആശ്രമം റോഡ് മെയിൻറനൻസ് വാർഡ്5	2025-26	SO	പൂർത്തിയായി
213	കോക്കുന്ന് സെൻറ് ആൻറണീസ് വാതക്കാട് ചിറ റോഡ് റീടാറിംഗ് വാർഡ്4	2025-26	SO	പൂർത്തിയായി
214	ആറാട്ടുപുഴ കടവ് തോട് കെട്ടി സംരക്ഷണം വാർഡ്7	2025-26	SO	പൂർത്തിയായി
215	പൂതംകുറ്റി ബ്രാഞ്ച് കനാൽബണ്ട് പാർശ്വഭിത്തി മെയിൻറനൻസ് വാർഡ്2	2025-26	SO	പൂർത്തിയായി
216	എരപ്പ് കൈതാലം ബൈപ്പാസ് റോഡ് ടാറിംഗ് വാർഡ്9	2025-26	SO	ആരംഭിച്ചു
217	എടലക്കാട് പോർക്കുന്നപാറ തോട് റോഡ് മെയിൻറനൻസ് വാർഡ്2	2025-26	SO	ആരംഭിച്ചു
218	പാറപ്പുറം പാലത്തറ റോഡ് മെയിൻറനൻസ് വാർഡ്6	2025-26	SO	ആരംഭിച്ചു
219	സെൻറ് സെബാസ്റ്റ്യൻ റോഡ് മെയിൻറനൻസ് വാർഡ്5	2025-26	SO	ആരംഭിച്ചു
220	വട്ടേക്കാട് ജംഗ്ഷൻ ബ്രാഞ്ച് കനാൽ ക്രോസ് റോഡ് റീടാറിംഗ് വാർഡ്12	2025-26	SO	ആരംഭിച്ചു
221	കഴുക്കാരൻ കവല പറമ്പയം റോഡ് മെയിൻറനൻസ് വാർഡ്14	2025-26	SO	ആരംഭിച്ചു
223	സെന്റ് വിൻസെൻഷ്യൽ റോഡ് മെയിന്റനൻസ് വാർഡ്8	2025-26	SO	ആരംഭിച്ചു

224	ആഴകം ഗവ യു പി സ്കൂൾ ടോയ്ലെറ്റ് നിർമ്മാണം	2025-26	SO	ആരംഭിച്ചു
225	പാറ മാടശ്ശേരി റോഡ് മെയിൻറനൻസ് വാർഡ്14	2025-26	SO	ആരംഭിച്ചു
226	2023–24 വാർഷിക പദ്ധതി ടെണ്ടർ എക്സ്സ് തുക നൽകൽ	2025-26	SO	ആരംഭിച്ചു
227	പൂതംകുറ്റി കാരമറ്റം റോഡ് മെയിൻറനൻസ് വാർഡ്1	2025-26	SO	ആരംഭിച്ചു
228	പാറപ്പുറം മാടശ്ശേരി റോഡ് റീടാറിംഗ് വാർഡ്6	2025-26	SO	ആരംഭിച്ചു
229	പുല്ല കിടങ്ങൂർ പാടം റോഡ് മെയിൻറനൻസ് ബാലൻസ് തുക നൽകൽ വാർഡ്8	2025-26	SO	ആരംഭിച്ചു
230	ആശാൻപീടിക ബാംബു കോർപറേഷൻ റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ്8	2025-26	SO	പൂർത്തിയായി
231	ഒലിവേലി ബെൽറ്റ് റോഡ് മെയിൻറനൻസ് വാർഡ്2	2025-26	SO	പൂർത്തിയായി
233	പള്ളിപ്പടി കാളാർകുഴി റോഡ് റീടാറിഗ്രം വാർഡ്7	2025-26	SO	പൂർത്തിയായി
234	പറമ്പയം തൊടുവ റോഡ് റീടാറിംഗ് വാർഡ്14	2025-26	SO	പൂർത്തിയായി
235	തുരുത്ത് ഷാപ്പുംപടി റോഡ് ഐറിഷ് വാർഡ്11	2025-26	SO	പൂർത്തിയായി
236	ഈസ്റ്റ് ആഴകം തുരുത്ത് റോഡ് മെയിൻറനൻസ് വാർഡ്11	2025-26	SO	പൂർത്തിയായി

237	ആഴകം ഗവ യു പി സ്കൂൾ ടോയ് ലെറ്റ് മെയിന്റനൻസ്	2025-26	SO	പൂർത്തിയായി
238	ഗാന്ധി നഗർ റോഡ് റീടാറിംഗ് വാർഡ് 12	2025-26	SO	പൂർത്തിയായി
239	ഗാന്ധി നഗർ ബൈപ്പാസ് റോഡ് റീടാറിംഗ് വാർഡ് 4	2025-26	SO	പൂർത്തിയായി
240	വാൽപ്പാറ തെക്കേക്കര ലിങ്ക് റോഡ് മെയിൻറനൻസ് വാർഡ് 6	2025-26	SO	പൂർത്തിയായി
241	സെൻറ് ജൂഡ് റോഡ് മെയിൻറനൻസ് വാർഡ് 5	2025-26	SO	പൂർത്തിയായി
242	പുല്ല പാറപ്പുറം റോഡ് മെയിന്റനൻസ് വാർഡ് 7	2025-26	SO	ആരംഭിച്ചു
243	വാതക്കാട് ആനപ്പാറ ചിറ ലിങ്ക് റോഡ് മെയിൻറനൻസ് അവസാന ഭാഗം വാർഡ് 5	2025-26	SO	ആരംഭിച്ചു
244	ചാലിച്ചിറ ലിങ്ക് റോഡ് നിർമ്മാണം വാർഡ് 9	2025-26	SO	ആരംഭിച്ചു
245	കാനാൻദേശം വാതക്കാട് ലിങ്ക് റോഡ് മെയിൻറനൻസ് വാർഡ് 5	2025-26	SO	ആരംഭിച്ചു
246	പറമ്പയം മുണ്ടാടൻ പാലം നോർത്ത് റോഡ് ഫസ്റ്റ് റീച്ച് നിർമ്മാണം വാർഡ് 14	2025-26	SO	ആരംഭിച്ചു
248	സെൻറ് ആൻറണീസ് റോഡ് മെയിൻറനൻസ് വാർഡ് 5	2025-26	SO	ആരംഭിച്ചു
249	2022–23 വാർഷിക പദ്ധതി ടെണ്ടർ എക്സസ് തുക നൽകൽ	2025-26	SO	പൂർത്തിയായി

250	വെസ്റ്റ് ആഴകം തുരുത്ത് റോഡ് മെയിൻറനൻസ് വാർഡ്11	2025-26	SO	പൂർത്തിയായി
251	പുല്ല കിടങ്ങൂർ പാടം തോട് നിർമ്മാണം വാർഡ്8	2025-26	SO	പൂർത്തിയായി
252	കൃഷ്ണക്കാരൻ കവല ശങ്കരൻകുഴി കനാൽബണ്ട് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ്3	2025-26	New	പൂർത്തിയായി
253	പള്ളിപ്പടി കാളാർകുഴി റോഡിൽ സ്ലാബും സംരക്ഷണ ഭിത്തിയും നിർമ്മാണം വാർഡ്7	2025-26	New	പൂർത്തിയായി
254	ബേസിൽ ഭവൻ മുണ്ടപ്പിള്ളി റോഡ് മൈന്റെനൻസ് വാർഡ്5	2025-26	New	പൂർത്തിയായി
255	ആഴകം ഗവ യുപി സ്കൂൾ മെയിൻറനൻസ്	2025-26	New	ആരംഭിച്ചു
256	എസ്സി കമ്മ്യൂണിറ്റി ഹാൾ മെയിൻറനൻസ്	2025-26	New	ആരംഭിച്ചു
257	കട്ടിംഗ് കുന്ന് റോഡ് നിർമ്മാണം വാർഡ്1	2025-26	New	ആരംഭിച്ചു
258	പൂതംകുറ്റി കാരമറ്റം കനാൽബണ്ട് റോഡ് സെക്കൻറ് റീച്ച് റീടാറിംഗ് വാർഡ്2	2025-26	New	ആരംഭിച്ചു
259	താബോർ കാരമറ്റം റോഡ് മെയിൻറൻസ് വാർഡ്1	2025-26	New	ആരംഭിച്ചു
260	പോർക്കുന്നപാറ ഒലിവേലിച്ചിറ റോഡ് റീടാറിംഗ് വാർഡ്2	2025-26	New	ആരംഭിച്ചു
261	എരപ്പ് കൂട്ടാല അമ്പലം റോഡ് റീടാറിംഗ് വാർഡ്9	2025-26	New	ആരംഭിച്ചു

262	തോട്ടം ലെയിൻ റോഡ് നിർമ്മാണം വാർഡ് 2	2025-26	New	ആരംഭിച്ചു
263	ആഴകം മുണ്ടങ്ങമറ്റം റോഡ് മെയിൻറനൻസ് വാർഡ് 11	2025-26	New	ആരംഭിച്ചു
264	ലൈഫ് ലൈൻ റോഡ് കട്ടവിരിയ്ക്കൽ വാർഡ് 3	2025-26	New	ആരംഭിച്ചു
265	പുല്ല കണ്ടംകുറ്റി റോഡ് മെയിൻറനൻസ് വാർഡ് 7	2025-26	New	ആരംഭിച്ചു
266	ഒലിവേലി അങ്കണവാടി റോഡ് നിർമ്മാണം വാർഡ് 2	2025-26	New	ആരംഭിച്ചു
267	വീര ശൈവ റോഡ് മെയിൻറനൻസും വാർഡ് 11	2025-26	New	ആരംഭിച്ചു
268	കോഴികുളം റോഡ് റീടാറിംഗ് വാർഡ് 3	2025-26	New	ആരംഭിച്ചു
269	പൊങ്ങം പാണ്ഡ്യപ്പിള്ളി പാടം റോഡ് വീതി കൂട്ടലും മെയിൻറനൻസ് വാർഡ് 11	2025-26	New	ആരംഭിച്ചു
270	കോളാട്ടകുടി റോഡ് റീടാറിംഗ് 8	2025-26	New	ആരംഭിച്ചു
271	ഏയ്ഞ്ചൽ വില്ല റോഡ് നിർമ്മാണം വാർഡ് 11	2025-26	New	ആരംഭിച്ചു
272	കോക്കുന്ന് കാനാൻദേശം റോഡ് മെയിൻറനൻസ് വാർഡ് 5	2025-26	New	ആരംഭിച്ചു
273	ബാംബു കൂട്ടാല റോഡ് മെയിന്റനൻസ് വാർഡ് 8	2025-26	New	ആരംഭിച്ചു

274	മൂന്നാം പറമ്പ് മാളിയേക്കൽ റോഡ് നിർമ്മാണം വാർഡ്11	2025-26	New	ആരംഭിച്ചു
275	എസ് പി റോഡ് മെയിന്റനൻസ് വാർഡ്8	2025-26	New	ആരംഭിച്ചു
276	വട്ടേക്കാട് തെക്കേ അട്ടാറ റോഡ് ഒന്നാം ഭാഗം റീടാറിംഗ് വാർഡ്12	2025-26	New	ആരംഭിച്ചു
277	മന്ദാരം റോഡ് റീടാറിംഗ് വാർഡ്10	2025-26	New	ആരംഭിച്ചു
278	ടെയ്ലെൻറ് റോഡ് റീടാറിംഗ് വാർഡ്10	2025-26	New	ആരംഭിച്ചു
279	വട്ടേക്കാട് അമ്പലം ഷാപ്പുകവല റോഡ് മെയിൻറനൻസ് വാർഡ്11	2025-26	New	ആരംഭിച്ചു
280	പുത്തൻപാലം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ വാർഡ്11	2025-26	New	ആരംഭിച്ചു
281	ഭാഗ്യലക്ഷ്മി പാരലൽ റോഡ് റീടാറിംഗ് വാർഡ്10	2025-26	New	ആരംഭിച്ചു
282	വാഴപ്പിള്ളി റോഡ് റീടാറിംഗ് വാർഡ്10	2025-26	New	ആരംഭിച്ചു
283	അട്ടാറ കാട്ടാംമ്പിള്ളി ഹരിജൻകോളനി മെയിൻറനൻസ് റോഡ് വാർഡ്14	2025-26	New	ആരംഭിച്ചു
285	പറോക്കാരൻ റോഡ് റീടാറിംഗ് വാർഡ്13	2025-26	New	ആരംഭിച്ചു
286	പട്ടരുകുളം റോഡ് ഡ്രൈനേജ് നിർമ്മാണം വാർഡ്10	2025-26	New	ആരംഭിച്ചു

287	മൂലൻസ് റോഡ് നിർമ്മാണം വാർഡ്13	2025-26	New	ആരംഭിച്ചു
288	വെസ്റ്റ് തൊടുവ ലിങ്ക് റോഡ് നിർമ്മാണം വാർഡ്10	2025-26	New	ആരംഭിച്ചു
289	യൂദാതദ്ദേവൂസ് റോഡ് നിർമ്മാണം മൂന്നാം ഘട്ടം വാർഡ്13	2025-26	New	ആരംഭിച്ചു
290	പൂതംകുറ്റി കാരമറ്റം കനാൽബണ്ട് റോഡ് ഫസ്റ്റ് റീച്ച് നിർമ്മാണം വാർഡ്1	2025-26	New	ആരംഭിച്ചു
291	കോക്കുന്ന് കനാൽബണ്ട് സെമിറ്ററി റോഡ് കൈവരി സ്ഥാപിക്കൽ വാർഡ്4	2025-26	New	ആരംഭിച്ചു
292	കോക്കുന്ന് കനാൽബണ്ട് സെമിത്തേരി റോഡ് മെയിൻറനൻസ് വാർഡ്4	2025-26	New	ആരംഭിച്ചു
293	ഗാന്ധി നഗർ സെഹിയോൻ കവല കനാൽബണ്ട് റോഡ് മെയിൻറനൻസ് വാർഡ്4	2025-26	New	ആരംഭിച്ചു
294	വാതക്കാട് പാടം ലിങ്ക് റോഡ് മെയിൻറനൻസ് വാർഡ്4	2025-26	New	ആരംഭിച്ചു
295	കുഴുക്കാരൻ കവല ശങ്കരൻകുഴി കനാൽ ബണ്ട് റോഡ് നിർമ്മാണം വാർഡ്3	2025-26	New	ആരംഭിച്ചു
296	കുഴുക്കാരൻ കവല ശങ്കരൻകുഴി കനാൽ ബണ്ട് റോഡ് കൽവർട്ട് നിർമ്മാണം വാർഡ്3	2025-26	New	ആരംഭിച്ചു
297	മുണ്ടപ്പിള്ളി ബ്രാഞ്ച് കനാൽബണ്ട് റോഡ് നിർമ്മാണം വാർഡ്6	2025-26	New	ആരംഭിച്ചു
298	പാലാട്ടി റോഡ് നിർമ്മാണം വാർഡ്9	2025-26	New	ആരംഭിച്ചു

299	സാൻസ്ടം കാളാർകുഴി റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ് 7	2025-26	New	ആരംഭിച്ചു
300	സാൻസ്ടം കാളാർകുഴി റോഡ് റീടാറിംഗ് വാർഡ് 7	2025-26	New	ആരംഭിച്ചു
301	പള്ളിപ്പടി കാളാർകുഴി റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ് 7	2025-26	New	ആരംഭിച്ചു
302	പാല ആശാരിയമ്പലം റോഡ് മെയിൻറനൻസ് വാർഡ് 10	2025-26	New	ആരംഭിച്ചു
303	പാറപ്പുറം എംഎൽഎ ബൈറോഡ് റീടാറിംഗും ഐറിഷും വാർഡ് 6	2025-26	New	ആരംഭിച്ചു
304	പാല ബസേലിയോസ് നഗർ റോഡിൽ ഗ്രില്ല് സ്ഥാപിക്കൽ വാർഡ് 6	2025-26	New	ആരംഭിച്ചു
305	എരപ്പ് കൈതാലം ഫാം റോഡ് നിര്മ്മാണം വാർഡ് 9	2025-26	New	ആരംഭിച്ചു
306	കൊല്ലലി റോഡ് മെയിൻറനൻസ് വാർഡ് 12	2025-26	New	ആരംഭിച്ചു
307	കൈപ്രമ്പാട്ട് ലിങ്ക് റോഡ് മെയിൻറനൻസ് വാർഡ് 12	2025-26	New	ആരംഭിച്ചു
308	കോക്കുന്ന് പുലിതുക്കി പാടം റോഡ് മെയിൻറനൻസ് വാർഡ് 4	2025-26	New	ആരംഭിച്ചു
